# CAREER Updates
# പത്രവൃത്താന്തം

19.11.2023 (ഞായർ)



➪ 2023-ലെ ജെ.സി.ബി. പുരസ്കാരത്തിന് അർഹനായ പ്രശസ്ത തമിഴ് സാഹിത്യകാരൻ
✔ പെരുമാൾ മുരുകൻ

- പെരുമാൾ മുരുകൻ രചിച്ച 'ആലണ്ട പാച്ചി' എന്ന കൃതിയുടെ ഇംഗ്ലീഷ് വിവർത്തനമായ 'ഫയർ ബേഡ്' ആണ് 2023-ലെ ജെ.സി.ബി. പുരസ്കാരത്തിന് അർഹമായത്. ജനനി കണ്ണനാണ് കൃതി ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തിയത്.
- 25 ലക്ഷം രൂപയും ശില്പവുമടങ്ങുന്നതാണ് ജെ.സി.ബി. സാഹിത്യ പുരസ്കാരം. വിവർത്തകയ്ക്ക് 10 ലക്ഷം രൂപയും ലഭിക്കും. 'ഫയർ ബേഡ്' എന്ന കൃതിയെ കൂടാതെ നാല് രചനകളായിരുന്നു 2023-ലെ ജെ.സി.ബി. പുരസ്കാരത്തിനായുള്ള ചുരുക്കപ്പട്ടികയിൽ ഇടംപിടിച്ചത്.

➪ ദക്ഷിണ ധ്രുവത്തിൽ ലാന്റ് ചെയ്യുന്ന ഏറ്റവും വലിയ യാത്രാ വിമാനം എന്ന റെക്കോഡ് 2023 നവംബറിൽ നേടിയത്
✔ ബോയിങ് 787 ഡ്രീംലൈനർ
- നോർസ് അറ്റ്ലാന്റിക് എയർവെയ്സാണ് ദക്ഷിണ ധ്രുവത്തിലെ ട്രോൾ എയർ ഫീൽഡിലുള്ള ബ്ലൂ ഐസ് റൺവേയിൽ വിമാനമിറക്കി ചരിത്രം കുറിച്ചത്.

➪ വേവ്സ് ചാരിറ്റബിൾ ട്രസ്റ്റ് ഏർപ്പെടുത്തിയ സുകുമാർ അഴീക്കോട് പുരസ്കാരത്തിന് 2023 നവംബറിൽ അർഹനായത്
✔ ഗോപിനാഥ് മുതുകാട്

➪ ഇന്ത്യയിലാദ്യമായി പൂർണ്ണമായും വനിതകളുടെ നിയന്ത്രണത്തിൽ വോട്ടെടുപ്പ് നടന്ന നിയമസഭാ മണ്ഡലം എന്ന റെക്കോഡ് നേടിയത്
✔ റായ്പൂർ നോർത്ത് (ഛത്തീസ്ഗഢ്)

➪ 2023 നവംബറിൽ നടന്ന എട്ടാമത് ആഗോള ഔഷധസസ്യ ഗവേഷക ഉച്ചകോടിയിൽ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് നേടിയ മലയാളി
✔ ഡോ. സി.ടി. സുലൈമാൻ
- എട്ടാമത് ആഗോള ഔഷധസസ്യ ഗവേഷക ഉച്ചകോടിയ്ക്ക് വേദിയായത് തായ്ലന്റ് ആണ്.

➪ 2023 നവംബറിൽ പ്രഖ്യാപിക്കപ്പെട്ട കേരള സംസ്ഥാന ഭിന്നശേഷി പുരസ്കാരങ്ങളിൽ മികച്ച ജില്ലാ പഞ്ചായത്തായി തിരഞ്ഞെടുക്കപ്പെട്ടത്
✔ കോഴിക്കോട്
- മികച്ച നഗരസഭയ്ക്കുള്ള ഭിന്നശേഷി പുരസ്കാരം എറണാകുളം ജില്ലയിലെ ഏലൂരും മികച്ച ബ്ലോക്ക് പഞ്ചായത്തിനുള്ള ഭിന്നശേഷി പുരസ്കാരം കോഴിക്കോട് ജില്ലയിലെ വടകരയും സ്വന്തമാക്കി. പുന്നയൂർക്കുളം (തൃശൂർ), പുൽപ്പറ്റ (മലപ്പുറം) എന്നിവ മികച്ച ഗ്രാമപഞ്ചായത്തുകളായി തിരഞ്ഞെടുക്കപ്പെട്ടു.

➪ 2023 നവംബറിലെ കണക്കുകൾ പ്രകാരം ഇന്ത്യയിൽ ഏറ്റവുമധികം പാസ്പോർട്ട് ഉടമകളുള്ള സംസ്ഥാനം
✔ കേരളം

➪ നിർമ്മിത ബുദ്ധിയിൽ വിപ്ലവത്തിന് വഴിയൊരുക്കിയ ചാറ്റ് ജി.പി.ടിയുടെ ഉപജ്ഞാതാക്കളായ ഓപ്പൺ എ.ഐയുടെ സി.ഇ.ഒ. സ്ഥാനത്ത് നിന്നും 2023 നവംബറിൽ പുറത്താക്കപ്പെട്ട വ്യക്തി
✔ സാം ഓൾട്ട്മാൻ

➪ 2023 നവംബറിൽ അന്തരിച്ച മുൻ റിസർവ് ബാങ്ക് ഗവർണർ
✔ എസ്. വെങ്കിട്ട രമണൻ
- ഇന്ത്യ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിട്ട 1990-1992 കാലയളവിലാണ് എസ്. വെങ്കിട്ട രമണൻ റിസർവ് ബാങ്ക് ഗവർണറായി സേവനമനുഷ്ഠിച്ചത്.

➪ ദേശീയോദ്ഗ്രഥന ദിനമായി ആചരിക്കപ്പെടുന്നത്
✔ നവംബർ 19
- മുൻ ഇന്ത്യൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ ജന്മദിനമാണ് ദേശീയോദ്ഗ്രഥന ദിനമായി ആചരിക്കപ്പെടുന്നത്.

➪ 5 വയസ്സിൽ താഴെയുള്ള കുട്ടികളുടെ ആധാർ എന്റോൾമെന്റ് പൂർത്തിയാക്കിയ ഇന്ത്യയിലെ ആദ്യ ജില്ല
✔ വയനാട്

➪ തെങ്ങ് കർഷകരെ സഹായിക്കുന്നതിനായി 2023 നവംബറിൽ കേന്ദ്ര നാളികേര വികസന ബോർഡ് ആരംഭിച്ച കോൾ സെന്റർ
✔ ഹലോ നാരിയൽ

➪ ഇന്റർനാഷണൽ കോൺഫറൻസ് ഓൺ പ്ലാന്റ് ഹെൽത്ത് മാനേജ്മെന്റിന് 2023-ൽ വേദിയായത്
✔ ഹൈദരാബാദ്

CAREER GUIDANCE BUREAU

കരിയർ ഗൈഡൻസ് ബ്യൂറോ
ആറ്റിങ്ങൽ & തമ്പാനൂർ ✆ 8590 333 999